പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2560 — 09.03.2017 ന് മറുപടിയ്ക്ക്.

**ഐ.ടി.ഐ കളിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ടി.ബൽറാം : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ കളിൽ പഠിപ്പിക്കുന്ന പല കോഴ്സുകളും കാലഹരണപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;<br><br>(ബി) ഇത്തരം കോഴ്സുകൾക്ക് പകരം പുതിയ കാലഘട്ടത്തിൽ തൊഴിൽ ലഭിക്കാൻ സാധ്യമാകുന്ന തരത്തിലുള്ള കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | **(എ) & (ബി)** ഉണ്ട്. 2014-15 വർഷത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്, പ്രയോജനപ്രദമല്ലാത്തതും തൊഴിൽ സാധ്യത കുറഞ്ഞതുമായ 20-ഓളം ട്രേഡുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി ട്രേഡുകൾക്ക് പകരം ജനപ്രിയവും തൊഴിൽ സാധ്യതയേറിയതുമായ ട്രേഡുകൾ ഐ.ടി.ഐ കളിൽ ആരംഭിച്ചിട്ടുണ്ട്. 2017 -18 ലും ഇതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കേരളത്തിലും പുറത്തും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന വ്യവസായ സ്ഥാപനങ്ങളെയും കൂടി സഹകരിപ്പിച്ചു കൊണ്ട് ഐ.ടി.ഐ. കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) ഐ.ടി.ഐ കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുമായി മെ.മാരുതി സുസുകി, മെ.വോക്സ് വാഗൺ, മെ. ടൊയോട്ട കിർലോസ്കർ ലിമിറ്റഡ്, മെ. മഹീന്ദ്ര & മഹീന്ദ്ര, മെ.സാംസങ് തുടങ്ങി വ്യവസായ സ്ഥാപനങ്ങളുമായി വിവിധ ഐ.ടി.ഐ കൾ ധാരണ പത്രത്തിൽ ഏർപ്പെടുകയും പ്രത്യേക പരിശീലന കേന്ദ്രങ്ങൾ ഐ.ടി.ഐകളിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

Bindu

സെക്ഷൻ ഓഫീസർ